വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനുള്ള തീരുമാനം

26 [*65] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് കുറയ്ക്കുന്നതിനെ സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള നിരക്കിൽ നിന്നും എത്ര ശതമാനമാണ് കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ബി.പി.എൽ. വിഭാഗക്കാർക്കും പട്ടികജാതി-പട്ടികവർഗക്കാർക്കും വികലാംഗർക്കും പ്രത്യേക പരിഗണന നൽകാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ & ബി) എൽ.ടി. I(a) ഗാർഹികം, എൽ. ടി. VII (A) & (B) വാണിജ്യം എന്നീ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ യൂണിറ്റിന് 20 പൈസ, 1-1-2006 മുതൽ കുറയ്ക്കുകയുണ്ടായി. ഇത് ഗാർഹിക ഉപഭോക്താക്കളുടെ ഏറ്റവും കുറഞ്ഞ നിരക്കിന്റെ 17.39%-ഉം LT VII (A) വാണിജ്യ വിഭാഗം ഉപഭോക്താക്കളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ നിരക്കിന്റെ 3.54%-ഉം LT VII (B) വിഭാഗത്തിന്റെ ഏറ്റവും കുറഞ്ഞ നിരക്കിന്റെ 5.7%-ഉം ആണ്.

(സി) 500 വാട്ട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ളതും പ്രതിമാസം 20 യൂണിറ്റിൽ കവിയാത്ത ഉപഭോഗമുള്ളതുമായ LT I(a) വിഭാഗം ഗാർഹിക ഉപഭോക്താക്കളെ ഇപ്പോൾ തന്നെ വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബി. പി. എൽ. വിഭാഗക്കാർക്കും പട്ടികജാതി-പട്ടികവർഗക്കാർക്കും വികലാംഗർക്കും കണക്ഷൻ നൽകുന്നതിൽ പ്രത്യേക പരിഗണനയും നൽകിവരുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നൽകുന്ന തുകയുടെ മാനദണ്ഡം

1 [298] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. എം. ഹസ്സൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കളിക്കാരെ അണിനിരത്തുന്നതിന് ഓരോ ജില്ലയ്ക്കും എന്ത് തുക വീതം കൊടുത്തുവെന്ന് കാണിക്കുന്ന ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ജില്ലയ്ക്കും ഇക്കാര്യത്തിൽ തുക കൊടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് പറയുമോ;

(സി) ഓരോ വർഷത്തെയും ട്രാക്ക് ആൻഡ് ഫീൽഡ് ഇവന്റ്സിൽ കിട്ടുന്ന ഒന്നാംസ്ഥാനവും പോയിന്റും ഓരോ ജില്ലയ്ക്കും തുക നൽകുമ്പോൾ കണക്കിൽ എടുക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാന സ്കൂൾ കായികമേളയിൽ കളിക്കാരെ അണിനിരത്തുന്നതിന് ഓരോ ജില്ലയ്ക്കും 50,000 രൂപാ (അമ്പതിനായിരം രൂപാ മാത്രം) വീതമാണ് നൽകിവരുന്നത്. നടപ്പുവർഷം ഇനിയിനത്തിൽ തുക നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

(സി) കായികമേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ജില്ലകൾക്ക് തുക നൽകുന്നതിൽ ട്രാക്ക് ആന്റ് ഫീൽഡ് ഇവന്റിൽ കിട്ടുന്ന പോയിന്റുകൾ പരിഗണിക്കാറില്ല. എന്നാൽ സ്കൂൾ കായികമേളയിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന മുന്ന് സ്കൂളുകൾക്ക് പ്രോത്സാഹനധനം നൽകിവരുന്നുണ്ട്.

ജി. വി. രാജാ സ്പോർട്സ് സ്കൂൾ

2 [299] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂൾ സ്ഥാപിതമായത് എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ, പരിശീലകർ, ആൺകുട്ടികൾ, പെൺകുട്ടികൾ, അനദ്ധ്യാപകർ നിലവിലുണ്ട്;

(സി) ജി. വി. രാജാ സ്പോർട്സ് സ്കൂൾവക ശംഖുമുഖത്തെ ഭൂമി സർക്കാർ എന്തിന് കമാന്റന്റ് ഏറ്റെടുത്തത് എന്നാണ്;

(ഡി) ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് ഏറ്റുവാങ്ങിയത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിന്റെ അധീനതയിൽ നിന്ന് 1998-2001 വർഷ കാലയളവിൽ എത്ര ഏക്കർ ഭൂമി ജി. വി. രാജാ സ്കൂളിനു വേണ്ടി വിദ്യാഭ്യാസ വകുപ്പിന് കൈമാറി;

(എഫ്) കൈമാറിയിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ജി) ഈ കാലയളവിൽ ഗവൺമെന്റിനേയും കളക്ടറേയും പ്രിൻസിപ്പലിനേയും പ്രതിയാക്കി പ്രവർത്തനമേഖലാ മാറ്റം വിഷയമാക്കി സ്കൂൾ പി. റ്റി. എ. കൊച്ചുകോടതിയിൽ എത്ര പെറ്റീഷനുകൾ നൽകിയെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly